സംരക്ഷണ പദ്ധതി എന്നിവ നടപ്പിലാക്കിവരുന്നു. കൂടാതെ, ചെറുകിട/ഇടത്തരം കർഷകർക്കും കുടിവെള്ളക്ഷാമ പരിഹാരത്തിനായി കുഴൽക്കിണർ നിർമ്മിച്ച് നൽകുന്നു. വരൾച്ചാ ദുരിതാശ്വാസ പദ്ധതിയിൽ കുടിവെള്ളക്ഷാമ പരിഹാരത്തിനായി കുഴൽക്കിണർ നിർമ്മിച്ച് ഹാന്റ് പമ്പ് ഘടിപ്പിച്ച് നൽകുന്നു.

സെക്ടർറിഫോംസ്, കേന്ദ്രാവിഷ്കൃത പദ്ധതിയായ സ്വജൽധാര-2 കൊല്ലം ജില്ലയിലെ 26 ഗ്രാമ പഞ്ചായത്തുകളിലും കാസർഗോഡ് ജില്ലയിലെ 17 ഗ്രാമ പഞ്ചായത്തുകളിലായി 422 ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതികളും 79 സ്കൂൾ. കുടിവെള്ള പദ്ധതികളും പൂർത്തീകരിച്ചിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) കേരള വാട്ടർ അതോറിറ്റി നടപ്പിലാക്കുന്ന മഴവെള്ളക്കൊയ്ത്ത് പദ്ധതിയായ വർഷ പദ്ധതി പ്രകാരം 2002-04 വർഷങ്ങളിൽ അംഗീകാരം ലഭിച്ച 1058 യൂണിറ്റുകളുടെയും പണികൾ പൂർത്തിയായി. 12/05-ൽ അംഗീകാരം ലഭിച്ച 2813 യൂണിറ്റുകളുടെ പണികൾ തുടങ്ങുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. ജലനിധി, കേരളത്തിലെ വിവിധ സർക്കാർ സ്ഥാപനങ്ങൾ, വിദ്യാലയങ്ങൾ, മെഡിക്കൽ കോളേജുകൾ മുതലായ 64 സ്ഥാപനങ്ങളിൽ മഴവെള്ള സംഭരണ-ഭൂജല പരിപോഷണ യൂണിറ്റുകളുടെ നിർമ്മാണം പൂർത്തിയാക്കിവരുന്നു. ഭൂജലവകുപ്പ് 38 മഴവെള്ള ശേഖരണ പദ്ധതികൾ പൂർത്തിയാക്കി. കൂടാതെ, 35 പദ്ധതികളുടെ പൂർത്തീകരണത്തിനുള്ള നടപടികൾ നടന്നു. സെക്ടർ റിഫോംസ്, കാസർഗോഡ് ജില്ലയിൽ ജില്ലാ പഞ്ചായത്തിലെ മാതൃകാ മഴവെള്ള സംഭരണി, സ്കൂൾ മഴവെള്ള സംഭരണ പദ്ധതികൾ, വിവിധ ഗ്രാമ പഞ്ചായത്തുകളിലെ മാതൃകാ മഴവെള്ള സംഭരണികൾ, ഗ്രാമീണ ശുദ്ധജല പദ്ധതികൾ, വിവിധ സർക്കാർ സ്ഥാപനങ്ങളിലെ മാതൃകാ മഴവെള്ള സംഭരണികൾ എന്നിവ നടപ്പിലാക്കിയിട്ടുണ്ട്.

(ഡി) കേരള വാട്ടർ അതോറിറ്റി — 653.69 ലക്ഷം രൂപ
ജലനിധി — 89 ലക്ഷം രൂപ (World Bank share)
— 108 ലക്ഷം രൂപ (MGP share)
ഭൂജല വകുപ്പ് — 2,19,002 ലക്ഷം രൂപ
സെക്ടർ റിഫോംസ് — 3,087 ലക്ഷം രൂപ

വാറ്റ് നടപ്പിലാക്കിയതുമൂലം സർക്കാരിനുണ്ടായ നഷ്ടം

12 [*77] ശ്രീ. വി. കെ. സി. മമ്മത്കോയ :
,, എ. കെ. ബാലൻ :
,, കെ. പി. സതീശ്ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വാറ്റ് സമ്പ്രദായം നടപ്പിലാക്കിയതിനുശേഷം വ്യാപാര രംഗത്ത് നിലനിൽക്കുന്ന പ്രതിസന്ധി സർക്കാർ പരിശോധിച്ചിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) വാറ്റ് നടപ്പിലാക്കിയതുകൊണ്ട് ഉപഭോക്താക്കൾക്ക് ഗുണം കിട്ടിയില്ല എന്നും, സംസ്ഥാനത്തിന് വരുമാന നഷ്ടം ഉണ്ടായിട്ടുണ്ടെന്നുമുള്ള വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) വാറ്റ് നടപ്പിലാക്കിയതിനെ തുടർന്ന് സംസ്ഥാനത്ത് നിലനിൽക്കുന്ന പ്രശ്നങ്ങൾ എംപവർ കമ്മിറ്റിയിൽ ചർച്ച ചെയ്തിട്ടുണ്ടോ ; എങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ ;

(ഡി) വാറ്റ് സമ്പ്രദായം നടപ്പിലാക്കിയതിനുശേഷം സംസ്ഥാനത്തിന് ഉണ്ടായ നഷ്ടം കേന്ദ്ര സർക്കാർ പരിഹരിച്ചു നൽകിയിട്ടുണ്ടോ ; എങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ ;

(ഇ) എംപവർ കമ്മിറ്റിയിൽ സംസ്ഥാന സർക്കാർ ആവശ്യപ്പെട്ട 21 ഇനം സർവ്വീസുകൾക്ക് നികുതി ഈടാക്കാനുള്ള അവകാശം പുനഃസ്ഥാപിച്ചിട്ടുണ്ടോ ; ഇതിനോട് എംപവർ കമ്മിറ്റിയുടെ നിലപാട് എന്താണെന്ന് അറിയിക്കുമോ ?

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. വക്കം പുരുഷോത്തമൻ) :

(എ) മൂല്യ വർദ്ധിത നികുതി നിയമം നടപ്പിലാക്കിയതിന്റെ ഭാഗമായി സംസ്ഥാനത്തെ വ്യാപാര രംഗത്ത് പ്രതിസന്ധികളൊന്നും ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ഇല്ല.

(സി) ഉത്തരം (എ) യുടെ വെളിച്ചത്തിൽ ബാധകമല്ല.

(ഡി) മൂല്യ വർദ്ധിത നികുതി നടപ്പിലാക്കിയതിനെ തുടർന്ന് സംസ്ഥാനത്തിന് ഉണ്ടാകാവുന്ന നഷ്ടത്തിന്റെ 100 ശതമാനവും ആദ്യ വർഷം കേന്ദ്രം നഷ്ട പരിഹാരമായി നൽകുന്നതാണ്. ആയതിന്റെ അടിസ്ഥാനത്തിൽ ഡിസംബർ വരെ കേരള സർക്കാരിന് 483.82 കോടി രൂപയുടെ നഷ്ടമുണ്ടായതിൽ 456.47 കോടി രൂപ കേന്ദ്ര സർക്കാർ നഷ്ട പരിഹാരമായി നൽകിയിട്ടുണ്ട്.

(ഇ) സേവന മേഖലയിൽ നികുതി ഈടാക്കാനുള്ള അധികാരം ഭരണഘടന പ്രകാരം കേന്ദ്രത്തിൽ നിക്ഷിപ്തമാണ്. എന്നാൽ സേവന മേഖലയിലെ ചില മേഖല ഒഴിച്ച് ഭൂരിഭാഗം മേഖലകളിലും ഇപ്പോഴുള്ള കേന്ദ്ര വിൽപ്പന നികുതി മാതൃകയിൽ കേന്ദ്രം നികുതി നിരക്ക് നിശ്ചയിച്ച് നികുതി പിരിച്ചെടുക്കാനും ആയത് സംസ്ഥാനത്തിനു തന്നെ വകയിരുത്താനുമുള്ള അധികാരം നൽകണമെന്ന് കേരളം ഉന്നതാധികാര സമിതിയിൽ ശക്തമായി ആവശ്യപ്പെട്ടിട്ടുണ്ട്. ആയതിനെപ്പറ്റി അവസാന തീരുമാനം ആയിട്ടില്ല.

സംസ്ഥാന സർക്കാരിന്റെ പൊതുകടം

13 [*78] ശ്രീ. കോവൂർ കുഞ്ഞുമോൻ :

,, എ. എ. അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന സർക്കാരിന്റെ നാളിതുവരെയുള്ള പൊതുകടം എത്രയാണ് ;

LIBRARY ARCHIVES Kerala Legislative Assembly